**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2563** **06-10-2025 - ൽ മറുപടിയ്ക്ക്**

**അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഡി. എഫ്. ഐ. ഒ. മാരായി നിയമിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ വകുപ്പിന്റെ പരിശോധന കാര്യക്ഷമമാക്കുന്നതിനായി വകുപ്പിന്റെ ജില്ലാ പരിശോധനാ ഓഫീസുകളിൽ അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഡി. എഫ്. ഐ. ഒ. മാരായി നിയമിക്കേണ്ടതാണ് എന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളിൽ അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ജില്ലാ ധനകാര്യ പരിശോധന ഓഫീസർമാരായി നിയമിക്കുന്ന വിഷയം പരിശോധിച്ചിട്ടില്ല. |
| (ബി) | സെക്ഷൻ ഓഫീസർ റാങ്കിലുള്ള ഡി. എഫ്. ഐ. ഒ. മാർ അവരെക്കാൾ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ ഓഫീസുകളിൽ പരിശോധന നടത്തുന്നതിലുള്ള അപാകത പരിഹരിക്കുന്നതിനായി ജില്ലാ പരിശോധനാ ഓഫീസുകളിൽ അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഡി. എഫ്. ഐ. ഒ. മാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തനം സംബന്ധിച്ച് 25.06.1996-ലെ ജി.ഒ (എം.എസ്) നം. 464/96/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ജില്ലാ സ്ക്വാഡുകൾ സമയ ബന്ധിതമായി പരിശോധനകൾ നടത്തി അതു സംബന്ധിച്ച റിപ്പോർട്ടുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന് സമർപ്പിച്ചുവരുന്നു. ആവശ്യമുള്ളപക്ഷം ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തെ പരിശോധനയിൽ സഹായിക്കാൻ ധനകാര്യ പരിശോധന (എൻ.റ്റി) വിംഗിലെ സെക്ഷനുകളുടെ സേവനവും ലഭ്യമാണ്. ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തനം എല്ലാ മാസവും ആയതിന്റെ ചുമതലയുള്ള അണ്ടർ സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി വിലയിരുത്തി വരുന്നുണ്ട്. കൂടാതെ ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തന പുരോഗതി നിശ്ചിത ഇടവേളകളിൽ ഓൺലൈൻ മീറ്റിംഗുകൾ വഴിയും നേരിട്ടും ധനകാര്യ പരിശോധന (നോൺ-ടെക്നിക്കൽ) വിംഗിൽ നിന്നും അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.<br><br>പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 126 -ാം റിപ്പോർട്ടിലെ (2008-2011 കാലയളവിലെ) 71-ാം ഖണ്ഡികയിൽ നികുതി, ഊർജ്ജം, റവന്യൂ, വനം, എക്സൈസ് തുടങ്ങിയ വരുമാനമുണ്ടാക്കുന്ന എല്ലാ വകുപ്പുകളിലും ധനകാര്യ പരിശോധന വിഭാഗം നിർബന്ധമായും കാലാനുസൃത പരിശോധനകൾ നടത്തുകയും, അത്തരം പരിശോധനകളിൽ |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്ന ക്രമക്കേടുകളെയും കുറവുകളെയും ഫലപ്രദമായി പിന്തുടരുകയും വേണമെന്നും ഈ ഉത്തരവാദിത്തം ഫലപ്രദമായ രീതിയിൽ നിറവേറ്റുന്നതിനായി, ധനകാര്യ പരിശോധന വിഭാഗത്തെ ശക്തിപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുകയുണ്ടായി. ആയത് പരിശോധനകളുടെ അളവും മേന്മയും മെച്ചപ്പെടുത്തുമെന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അഭിപ്രായപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ